# കേരള നിയമസഭ

## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## വിജ്ഞാപനം

***'കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന നിയമസഭാ പഠന സന്ദർശന പരിപാടി'***

1. വിദ്യാർത്ഥികളിൽ ജനാധിപത്യ ആശയങ്ങളെയും വ്യവസ്ഥിതിയെയും സംബന്ധിച്ച് അവബോധം വളർത്തുന്നതിനും പാർലമെന്ററി ജനാധിപത്യവ്യവസ്ഥിതി നേരിട്ട് മനസ്സിലാക്കുന്നതിന് അവസരം നൽകുന്നതിനും നിയമസഭയെ അടുത്തറിയുന്നതിനുള്ള അവസരമൊരുക്കുന്നതിനുമായി കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ (സി.പി.എസ്.റ്റി) ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ/ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കുമായി നിയമസഭാ പഠന സന്ദർശന പരിപാടി സംഘടിപ്പിക്കുന്നു.

<u>സവിശേഷതകൾ</u>

*i)* *നിയമസഭയുടെ ചരിത്രത്തെയും നിയമസഭാ നടപടികളെയും കുറിച്ച് പരിചയസമ്പന്നരായ ഉദ്യോഗസ്ഥർ നയിക്കുന്ന ക്ലാസുകൾ.*

*ii)* *നിയമസഭാ സമ്മേളന കാലയളവിലുള്ള സന്ദർശന പരിപാടിയിൽ നിയമസഭാ സമ്മേളനം വീക്ഷിക്കുന്നതിന് അവസരം.*

*iii)* *ബഹു. സ്പീക്കർ, ബഹു. ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാസാമാജികർ എന്നിവരുടെ സൗകര്യത്തിന് വിധേയമായി ഇവരുമായി ആശയവിനിമയത്തിന് അവസരം.*

*iv)* *സന്ദർശകർക്ക് നിയമസഭാ ഹാൾ വീക്ഷിക്കുന്നതിന് അവസരം.*

*v)* *നിയമസഭയുടെ ചരിത്രവും പ്രവർത്തനവും വിശദമാക്കുന്ന നിയമസഭാ മ്യൂസിയം സന്ദർശനത്തിന് അവസരം.*

vi) *പഠന സന്ദർശന പരിപാടിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി സംഘങ്ങൾക്ക് നിയമസഭയിൽ സന്ദർശനത്തിനെത്തുമ്പോൾ ലഘുഭക്ഷണത്തിനും ഭക്ഷണത്തിനും സി.പി.എസ്.റ്റി യുടെ ആഭിമുഖ്യത്തിലുള്ള ക്രമീകരണങ്ങൾ.*

2. പരിപാടിയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാൻ താൽപര്യമുള്ള സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂൾ/ കോളേജ് അധികൃതർക്ക് പരിപാടിയിൽ പങ്കെടുക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്.

3. പഠന സന്ദർശനത്തിനെത്തുന്ന സംഘത്തിലെ അംഗങ്ങളുടെ എണ്ണം വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടെ 125 ൽ കവിയാൻ പാടില്ല.

4. അപേക്ഷാഫാറം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niymasabha.org – ൽ ലഭ്യമാണ്.

5. പരിപാടിയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാനാഗ്രഹിക്കുന്ന സ്കൂൾ/ കോളേജ് അധികാരികൾ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് 'The Under Secretary, Centre for Parliamentary Studies and Training, Room No. 728, Assembly Building, Legislature Complex, Vikas Bhavan P.O, Thiruvananthapuram – 33 എന്ന വിലാസത്തിൽ സാധാരണ തപാലിൽ അയച്ചുതരുകയോ 'cpst@niyamasabha.org' എന്ന വിലാസത്തിൽ ഇ - മെയിൽ വഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്.

6. നിയമസഭാ സമ്മേളനം, സി പി എസ് റ്റി യുടെ മറ്റ് പഠന പരിശീലന പരിപാടികൾ എന്നിവയുടെ സമയക്രമത്തിന് വിധേയമായും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷ ലഭിക്കുന്ന തീയതി, ജില്ല, വിഭാഗം തുടങ്ങിയവയുടെ അടിസ്ഥാനത്തിലും നിയമസഭാ പഠന സന്ദർശന പരിപാടിയുടെ തീയതിയും മുൻഗണനാക്രമവും സി പി എസ് റ്റി തീരുമാനിക്കുന്നതാണ്.

7. പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ/ കോളേജുകളെ അക്കാര്യം SMS/E-mail/കത്ത് വഴി അറിയിക്കുന്നതാണ്.

8. നിയമസഭാ സന്ദർശനത്തിനെത്തുന്ന കുട്ടികളുടെ താമസം, യാത്ര എന്നിവയ്ക്ക് വേണ്ട ക്രമീകരണങ്ങളും അതിനാവശ്യമായ ചെലവും സ്കൂളുകൾ/കോളേജുകൾ സ്വന്തം നിലയിൽ നടത്തേണ്ടതാണ്.

9. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പാർലമെന്ററി പഠന പരിശീലന കേന്ദ്രം

സ്വീകരിക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.

10. പരിപാടി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി പാർലമെന്ററി പഠന പരിശീലന കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.

Centre for Parliamentary Studies and Training,
Room No. 739, Assembly Building, Legislature Complex,
Vikas Bhavan P.O., Thiruvananthapuram - 695033.
Phone : 0471 2512585, 2512638
E-mail : cpst@niyamasabha.org
Fax : 0471 2512375

# കേരള നിയമസഭ
## പാർലമെന്ററി പഠന പരിശീലന കേന്ദ്രം
### വിദ്യാർത്ഥികൾക്കുള്ള നിയമസഭാ സന്ദർശന പരിപാടി

**<u>പ്രൊഫോർമ</u>**

| | | |
|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | |
| 2 | മേൽവിലാസം | |
| 3 | ഫോൺ നമ്പർ | |
| 4 | ഇ മെയിൽ വിലാസം | |
| 5 | പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്ററുടെ പേര് | |
| 6 | മൊബൈൽ/ ലാന്റ് ഫോൺ നമ്പർ | |
| 7 | സ്ഥാപനം ഉൾപ്പെടുന്ന റവന്യൂ ജില്ല | |
| 8 | i)സന്ദർശനത്തിന് വരുന്ന വിദ്യാർത്ഥികളുടെ എണ്ണം | |
| | ii) സന്ദർശനത്തിന് വരുന്ന അധ്യാപകരുടെ എണ്ണം | |
| | iii)സന്ദർശനത്തിന് വരുന്ന വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആകെ എണ്ണം | |
| 9 | ഗവൺമെന്റ്/ എയ്ഡഡ് | |
| 10 | സന്ദർശനത്തിന് സൌകര്യപ്രദമായ തീയതി/ മാസം | |
| 11 | പ്രോഗ്രാം കോ ഓർഡിനേറ്ററുടെ പേര്<br>മൊബൈൽ നമ്പർ<br>ഇ മെയിൽ വിലാസം | |

തീയതി:
സ്ഥലം :

(ഓഫീസ് സീൽ)

പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്ററുടെ ഒപ്പ്

പേര്